ക്കുമെന്ന് പറഞ്ഞു. ആലോചിക്കുന്നതിനുമുമ്പ് പ്രൈവറ്റ് വ്യക്തികളിൽനിന്നും ഈ ഡിപ്പോകൾ തുറക്കാൻ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ? അവർക്ക് കൊടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റും എഫ്. സി. ഐ.യും കേന്ദ്രഗവൺമെന്റും തമ്മിൽ 1980 മുതൽക്കേ കരസ്പോൺണ്ടൻസ് നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം അവസാനമായി ഒരു തീരുമാനം എടുത്തപ്പോൾ ഈ ബദൽ സംവിധാനം ഈ നിലയിൽ മാത്രമേ സാദ്ധ്യമാകൂ, ഇപ്പോൾ ബാക്കി സ്ഥലങ്ങളിൽ ഉള്ളതുപോലെമാത്രമേ നടത്താൻ കഴിയൂ എന്നുള്ള നിഗമനത്തിൽ എത്തിയതുകൊണ്ട് അതിനുള്ള ബദൽ സംവിധാനം എന്ന ഏർപ്പാടിനുവേണ്ടി ഈ നിലയിൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

ഡോക്ടർ കെ. സി. ജോസഫ് : ബഡ്ജറിലൂടെ ഫ്ളോട്ടിംഗ് മാവേലി സ്റ്റോർ തുടങ്ങുമെന്ന് രണ്ടുമൂന്ന് കൊല്ലങ്ങൾക്കുമുമ്പ് ഒരു പ്രഖ്യാപനം നടത്തിയിരുന്നു. കുട്ടനാട്ടിൽ ബോട്ടിൽക്കൂടി നടത്തുന്ന ഒരു മാവേലിസ്റ്റോർ തുടങ്ങുമെന്നും പ്രഖ്യാപിച്ചിരുന്നു. അതിന്റെ പ്രവർത്തനം എത്രത്തോളമായി എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ കഴിയുമോ ? ഏറ്റവും വേഗം നടപ്പിൽ വരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : കുട്ടനാട്ടിൽ ഒരു ഫ്ളോട്ടിംഗ് മാവേലി സ്റ്റോർ തുടങ്ങാൻ നിശ്ചയിച്ചിട്ടുണ്ട്. അതിന് ആവശ്യമായിട്ടുള്ള ബോട്ട് ഇതുവരെ കിട്ടിയില്ല. അത് കിട്ടിയാൽ ഉടനെ ആരംഭിക്കുന്നതാണ്.

മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ

* 153. ശ്രീ. കെ. രാഘവൻ മാസ്റ്റർ :
,, ടി. എച്ച്. മുസ്തഫ :
,, രമേശ് ചെന്നിത്തല :
,, ബെന്നിബഹനാൻ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ എന്നാണ് നിലവിൽ വന്നത് ;

(ബി) ഫെഡറേഷന്റെ കീഴിൽ എത്ര ഡയറികൾ ഉണ്ട് ;

(സി) അവ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത് ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (എ. എൽ. ജേക്കബ്) :

(എ) 21-2-1980-ലാണ് ഫെഡറേഷൻ രജിസ്റ്റർ ചെയ്തതെങ്കിലും 1-4-1983 മുതലാണ് ഡയറി പ്ലാന്റുകൾ ഏറ്റെടുത്ത് പ്രധാന പ്രവർത്തനങ്ങൾ ആരംഭിച്ചത് ,

(ബി) ഏഴ് ഡയറികൾ

(സി) 1984-85 വർഷത്തെ കണക്കനുസരിച്ച് തിരുവനന്തപുരം, കണ്ണൂർ എന്നീ രണ്ട് ഡയറികൾ ലാഭത്തിലും ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട് എന്നീ ഡയറികൾ നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്. കൊല്ലം ഡയറി പ്രവർത്തനമാരംഭിച്ചിട്ട് രണ്ട് മാസമായിട്ടേയുള്ളൂ. ഫെഡറേഷൻ മൊത്തത്തിൽ ലാഭകരമായിട്ടാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചില ഡയറികൾ നഷ്ടത്തിൽ പ്രവർത്തിച്ചതിന്റെ പ്രധാന കാരണങ്ങൾ അവയുടെ കുറഞ്ഞ സ്ഥാപിത ശേഷിയും (Installed capacity) ആവശ്യത്തിലധികമുള്ള ജീവനക്കാരുടെ എണ്ണവുമാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ നടപ്പിലാക്കുന്ന ഓപ്പറേഷൻ ഫ്ളഡ് II പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ?

ശ്രീ. എ. എൽ. ജേക്കബ് : കെ. എൽ. ഡി. എം. എം. ബോർഡ് തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ ഡയറികൾ നടത്തിവരുന്നു. ബോർഡിന്റെ കമേഴ്സ്യൽ ആക്റ്റിവിറ്റീസും ഫെഡറേഷന് കൈമാറ്റം ചെയ്തതോടുകൂടി 1-4-1983 മുതൽ മുൻപറഞ്ഞ എല്ലാ ഡയറികളും ഫെഡറേഷന്റെ നിയന്ത്രണത്തിലായി. അതുകൊണ്ടാണ് ഓപ്പറേഷൻ ഫ്ളഡ് II-ന്റെ പ്രവർത്തന പരിധിക്ക് വെളിയിലുള്ള കണ്ണൂർ, പാലക്കാട് ഡയറികൾ കൂടി ഫെഡറേഷന്റെ കീഴിൽ പ്രവർത്തിപ്പിക്കുന്നത്. വടക്കൻ ജില്ലകളിലേക്ക് ഓപ്പറേഷൻ ഫ്ളഡ് II-ന്റെ മാതൃകയിലുള്ള ഒരു സ്കീം തയ്യാറായിക്കഴിഞ്ഞു. ഇതും നടപ്പിലാക്കുന്നത് ഓപ്പറേഷൻ ഫ്ളഡ് II തന്നെയാണ്. ഓപ്പറേഷൻ ഫ്ളഡ് II വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി നടത്തുന്ന പദ്ധതിയാണ്. എന്നാൽ ഇത് സ്വിസ് ഗവൺമെന്റിന്റെ സഹായത്തോടു കൂടി നടത്താനാണ് ഉദ്ദേശിക്കുന്നത്. 8.13 കോടി രൂപയാണ് ; ഇതിന്റെ അടങ്കൽ തുക. കേന്ദ്രഗവൺമെന്റിന്റെ അനുമതി ഇതിന് കിട്ടാനുണ്ട്. അത് ഉടൻ തന്നെ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് ലഭിച്ചാലുടൻ പദ്ധതി നടപ്പിലാക്കിത്തുടങ്ങും.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : മറ്റ് ജില്ലകളിലേക്ക് ഇത് എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയും ?

ശ്രീ. എ. എൽ. ജേക്കബ് : ഉടനെതന്നെ അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. ബെന്നിബഹനാൻ : ഫെഡറേഷൻ രൂപീകരിച്ചതിനുശേഷം പുതിയ എത്ര ഡയറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും അവയുടെ കപ്പാസിറ്റി എന്താണെന്നും അവ എന്ന് പ്രവർത്തനം തുടങ്ങുമെന്നും വ്യക്തമാക്കാമോ ?

ശ്രീ. എ. എൽ. ജേക്കബ് : ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പങ്കജാക്ഷൻ : സർ, മാർക്കറ്റിംഗ് ഫെഡറേഷനും ഡയറിയും ക്ഷീര ഉല്പാദക സഹകരണസംഘങ്ങളിൽനിന്നും എടുക്കുന്ന പാലിന് നൽകുന്ന വിള ഉല്പാദനച്ചെലവുമായി പൊരുത്തപ്പെട്ടുപോകുന്നതല്ല, വർദ്ധിപ്പിക്കണമെന്നുള്ള നിവേദനം വല്ലതും കിട്ടിയിട്ടുണ്ടോ ? ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. എൽ. ജേക്കബ് : സർ, ഇപ്പോഴത്തെന്നെ വില കൂട്ടിയിട്ടുണ്ട്. ഫെഡറേഷൻ, ഉല്പാദനമുള്ള മാസങ്ങളിൽ പശുവിൻപാല് ലിറ്ററിന് 2 രൂപ 84 പൈസ നിരക്കിലും ഉല്പാദനക്കുറവുള്ള മാസങ്ങളിൽ ലിറ്ററിന് 3 രൂപ 13 പൈസ നിരക്കിലും വാങ്ങുന്നുണ്ട്.

ശ്രീ. കെ. പങ്കജാക്ഷൻ : പാലിലുള്ള കൊഴുപ്പിന്റെ അംശം കണക്കിലെടുത്ത് വില നിർണ്ണയിക്കുന്നതിൽ അപാകതകളുണ്ടെന്നും പരാതികൾ ഉണ്ടായിട്ടുണ്ട്. അത് ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ ; കൈക്കാര്യം ചെയ്തിട്ടുണ്ടോ ? അതിനെന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ് : സർ, പരാതികൾ കിട്ടിക്കൊണ്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

പാംഓയിൽ വില്പന

* 154. ശ്രീ. പി. എം. അബൂബക്കർ :
,, കെ. പി. എ. മജീദ് :
,, കൊരമ്പയിൽ അഹമ്മദ് ഹാജി :
,, എ. വി. അബ്ദുൽ റഹിമാൻ ഹാജി :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് കോർപ്പറേഷൻ, മാവേലി സ്റ്റോർ, റേഷൻ കട ഇവ വഴിയുള്ള പാംഓയിൽ വില്പന എന്നുമുതൽ നിർത്തലാക്കി ; എന്തുകൊണ്ട് ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇപ്പോൾ പാംഓയിൽ സ്റ്റോക്കുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര ടൺ എന്നു വ്യക്തമാക്കാമോ ;

(ഡി) കേന്ദ്രം എത്ര ടൺ പാം ഓയിൽ ആണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത് ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) 3-1-1986 മുതൽ പാം ഓയിൽ വിൽപ്പന നിറുത്തലാക്കി. വെളിച്ചെണ്ണയുടെ ഉപയോഗം വർദ്ധിപ്പിക്കാൻവേണ്ടിയാണ് ഇങ്ങനെ ചെയ്തത്.

(ബി) ഉണ്ട്.

(സി) 1772 മെട്രിക് ടൺ.

(ഡി) പ്രതിമാസം ശരാശരി 3000 ടൺ.

ശ്രീ. പി. എം. അബൂബക്കർ : സർ, പാംഓയിലിന്റെ വിതരണം നിറുത്തലാക്കിയതിനെത്തുടർന്ന് മാവേലി സ്റ്റോറുകളിൽക്കൂടിയുള്ള മറ്റു സാധനങ്ങളുടെ വിൽപ്പനയിൽ ഗണ്യമായ തോതിൽ കുറവു സംഭവിച്ചിട്ടുണ്ടോ ; അതെത്രത്തോളമുണ്ടെന്നു പറയാമോ ?

ശ്രീ. യു. എ. ബീരാൻ : സംഭവിച്ചിട്ടുണ്ട്. പാംഓയിലിന്റെ വിൽപ്പന ഇപ്പോൾ പൂർണ്ണമായി നിറുത്തിയിരിക്കുകയാണ്. അതിനുപകരം വെളിച്ചെണ്ണ വിതരണം ചെയ്തുവരുന്നുണ്ട്.

ശ്രീ. പി. എം. അബൂബക്കർ : അതല്ല ഞാൻ ചോദിച്ചത്. പാംഓയിലിന്റെ വിതരണം മാവേലി സ്റ്റോറുകൾ വഴിയുള്ളത് നിറുത്തലാക്കിയതിന്റെ ഫലമായി മറ്റുള്ള സാധനങ്ങളുടെ മൊത്തത്തിലുള്ള വിൽപ്പനയിൽ വിലക്കുറവുണ്ടായിട്ടുണ്ടോയെന്നാണ്?

ശ്രീ. യു. എ. ബീരാൻ : സ്വാഭാവികമായും മാവേലി സ്റ്റോറുകളിലെ വിറ്റുവരവ് കുറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly